ഉത്തരം

(എ) ഉണ്ട്.

(ബി) വനാതിർത്തിയിൽ കാട്ടാനശല്യം കൂടുതലുള്ള ഭാഗങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കിടങ്ങുകൾ കുഴിക്കുകയും വൈദ്യുത കമ്പിവേലി കെട്ടുകയും ചെയ്യുന്നുണ്ട്.

നഗരംപാറ റെയ്ഞ്ചിൽ വനംകൊള്ളയും മരംമുറിയും നടക്കുന്നതായ പരാതി

68 (1123) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ ഹൈറെയിഞ്ച് സർക്കിളിൽ നഗരംപാറ റെയിഞ്ചിൽ വൈരമണി സെക്ഷനിൽ വനംകൊള്ളയും മരംമുറിയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഈ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) വിജിലൻസിന്റെ അന്വേഷണത്തിൽ എത്രലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് മഹസ്സർ തയ്യാറാക്കിയിട്ടുണ്ട് ;

(ഇ) വനംകൊള്ള യഥാസമയം കണ്ടുപിടിക്കുന്നതിൽ വീഴ്ച വരുത്തിയതിന് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിയതിനും പ്രസ്തുത റെയിഞ്ചിലെ റെയിഞ്ചർ, ഫോറസ്റ്റർ, ബാർക്കുകൾ എന്നിവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(എഫ്) വനംകൊള്ളയെ സംബന്ധിച്ച് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(ജി) ഈ വനംകൊള്ളയെ സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) തൊടുപുഴ താലൂക്കിൽ ഇടുക്കി വില്ലേജിൽ കുളമാവ് കരയിൽ വെളിയം കുന്നേൽ വീട്ടിൽ നാരായണൻ മകൻ സജി എന്ന ആളിൽ നിന്നും വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് പരാതി ലഭിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 16,96,300 രൂപയുടെ നഷ്ടം സംഭവിച്ചതായി അഞ്ച് മഹസ്സറുകൾ തയ്യാറാക്കി കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിജിലൻസ് റിപ്പോർട്ട് പരിശോധിച്ചതിനുശേഷം കുറ്റക്കാരെന്ന് കാണുന്ന ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ഇല്ല.

(ജി) ഇപ്പോൾ വകുപ്പ് തല അന്വേഷണമാണ് നടക്കുന്നത്. ആവശ്യമെന്ന് കണ്ടാൽ സർക്കാർ തലത്തിൽ അന്വേഷണം നടത്തുന്നതാണ്.

മാവൂർ ഗ്രാസിം ഇൻഡസ്ട്രീസിന് വനവിഭവങ്ങൾ നൽകുന്നത് സംബന്ധിച്ച കരാർ

69 (1124) ശ്രീ. കെ സുധാകരൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്രാസിം ഇൻഡസ്ട്രീസിന് സൗജന്യനിരക്കിൽ വനവിഭവങ്ങൾ നൽകുന്നത് സംബന്ധിച്ച കരാർ പുതുക്കിയോ ;

(ബി) എങ്കിൽ പുതിയ കരാറിലെ വ്യവസ്ഥ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കമ്പനിക്ക് സൗജന്യ നിരക്കിൽ നൽകുന്ന വനവിഭവങ്ങൾക്ക് ഓപ്പൺ മാർക്കറ്റിൽ എന്തു വില വരുമെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത കമ്പനിക്ക് വനവിഭവങ്ങൾ നട്ടുവളർത്തുന്നതിന് വനഭൂമി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സ്ഥലം ഇതിനുവേണ്ടി നൽകിയിട്ടുണ്ട് ;

(ഇ) എന്ത് വ്യവസ്ഥയിലാണ് സ്ഥലം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഗ്രാസിം കമ്പനിയുമായി സർക്കാർ വെച്ചിട്ടുള്ള കരാറിന്റെ കാലാവധി 31-8-1999-ൽ തീർന്നു. 1-9-1999 മുതൽ കമ്പനിക്ക് വനവിഭവങ്ങൾ നൽകുന്നില്ല. 31-8-1999 വരെ നൽകിയ വനവിഭവങ്ങൾക്ക് താഴെ പറയും പ്രകാരമാണ് വില ഈടാക്കിയത്.

1. യൂക്കാലിപ്റ്റസ്	ഒരു ടണ്ണിന് 438 രൂപയും 25 രൂപ അഡീഷണൽ വിലയും മറ്റു നികുതികളും.
2. മറ്റു തടികൾ	ഒരു ടണ്ണിന് 438 രൂപയും മറ്റു നികുതികളും. (അക്കേഷ്യ, വാറ്റിൽതുടങ്ങിയവ)

LIBRARY ARCHIVES Kerala Legislative Assembly